**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4446** **29-10-2021 - ൽ മറുപടിയ്ക്ക്**

**കുമ്മാട്ടിക്കുളം, അംബേദ്കർ കോളനി എന്നിവയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളായ കുമ്മാട്ടിക്കുളം, അംബേദ്കർ കോളനി എന്നിവയുടെ സമഗ്ര വികസനത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിരുന്നോ; ഉണ്ടെങ്കിൽ ആയതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ അംബേദ്കർ കോളനിയെയും കുമ്മാട്ടിക്കുളം എസ്.സി.കോളനിയെയും അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അംബേദ്കർ കോളനിയിലെ നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കുമ്മാട്ടിക്കുളം കോളനിയിൽ നടപ്പാക്കേണ്ട വികസന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ? | (ബി) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് 09/09/2021ൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ അവലോകനയോഗത്തിൽ നിർവ്വഹണ ഏജൻസിയായ കോഴിക്കോട് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ